
ജാഗ്രതാ സമിതി

സ്ത്രീകൾക്കും കുട്ടികൾക്കും എതിരെ ഉണ്ടാകുന്ന അതിക്രമങ്ങളും നീതി നിഷേധങ്ങളും കാര്യക്ഷമമായി പ്രതിരോധിക്കുന്നതിനുള്ള ഗ്രാമ പഞ്ചായത്തുകളിലെ പ്രവർത്തനക്ഷമമായ സമിതിയാണ് ജാഗ്രത സമിതി സമൂഹത്തിന്റെ നേർപ്പകുതുയോളം വരുന്ന സ്ത്രീസമൂഹത്തിന്റെ സുസനീതിയും, സുരക്ഷയയും ഉറപ്പാക്കേണ്ട ബാധ്യത പ്രാദേശിയ ഭരണകൂടങ്ങൾക്കുതന്നെയാണ് ഇത്തരത്തിൽ സ്ത്രീകൾക്കും കുട്ടികൾക്കും സധൈര്യം സ്വതന്ത്രമായി ജീവിക്കുവാനുള്ള സഹചര്യവും പിൻതുണയും, പിൻബലവും നിയമ പരിരക്ഷയും ഉറപ്പുവരുത്തുന്നതിന്നായി നമ്മുടെ പഞ്ചായത്തിലും ജാഗ്രത സമിതികൾ പ്രവർത്തിച്ചുവരുന്നു. GOMS No. 39/2005/SWD ഉത്തരവിൽ നിർദ്ദേശിക്കുന്ന ഘടനയോടുകൂടി രൂപീകൃതമായി.

ജാഗ്രതാ സമിതി ഓഫീസുകൾ

വാർഡ് നമ്പർ	ജാഗ്രാതാ സമിതി ഓഫീസ്
1.	പോത്തുകുണ്ട്
2.	വടക്കെകുളമ്പ്
3.	ശിശുവിഹാർ
4.	തടത്തിൽ കുണ്ട്
5.	കാളാവ്
6.	ഊട്ടുപുറം
7.	കഞ്ഞിപറമ്പ്
8.	അയ്യപ്പറമ്പ്
9.	വട്ടപ്പറമ്പ്
10.	പഞ്ചായത്തുപടി
11.	തെക്കത്തുപറമ്പ്
12.	പുണർപ്പ
13.	കരുവള്ളികുളമ്പ്



മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി

മണ്ണിൽ പണിയെടുക്കാൻ സന്നദ്ധരായ തൊഴിലാളികൾക്കായി നടപ്പാക്കുന്ന മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി 2005 സെപ്തംബർ 5 ന് പാർലമെന്റ് പാസ്സാക്കുന്നു. 2006 ഫെബ്രുവരി 2 ന് കേന്ദ്ര സർക്കാർ വിജ്ഞാപനം തെരഞ്ഞെടുക്കപ്പെട്ട 200 ജില്ലകളിൽ ആദ്യമായി കേരളത്തിൽ വയനാട്, പാലക്കാട് ജില്ലകളിൽ 1-4-2007 മുതൽ ഇടുക്കി കാസർകോട് ജില്ലകളിലേക്കും 1-4-2008 മുതൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിച്ചു.

പദ്ധതി സവിശേഷതകൾ

- അപേക്ഷ നൽകേണ്ടത് അതതു ഗ്രാമപഞ്ചായത്തിൽ
- അപേക്ഷിച്ച് 15 ദിവസത്തിനകം തൊഴിൽ നൽകാൻ വ്യവസ്ഥ
- തൊഴിൽ ഇല്ലാത്ത സമയങ്ങളിൽ തൊഴിൽ ചോദിച്ചു വാങ്ങാനുള്ള അവകാശം.
- പ്രതിവർഷം 100 ദിവസം അധികം തൊഴിൽ കിട്ടാനുള്ള അവകാശം
- അപേക്ഷകൾ പരിശോധിച്ച് ഓരോ കുടുംബത്തിനും ഫോട്ടോ പതിച്ച തൊഴിൽ കാർഡ് നൽകുന്നു.
- അഞ്ചുവർഷം പ്രാബല്യമുള്ള തൊഴിൽ കാർഡ്, തൊഴിൽ അവകാശപ്പെടാനുള്ള നിയമപരമായ പ്രമാണം.
- അഞ്ചുകിലോമീറ്റർ ചുറ്റളവിൽ തൊഴിൽ; സ്വന്തം പ്രദേശത്ത് ഉപജീവനമാർഗ്ഗം
- വനിതകൾക്ക് കുറഞ്ഞത് മൂന്നിലൊന്ന് അവസരം, സ്ത്രീകൾക്കും പുരുഷന്മാർക്കും തുല്യവേതനം
- കേരളത്തിൽ പ്രതിദിന വേതനം 271 രൂപ, കരാറുകാരില്ലാത്ത സുതാര്യമായ നിർവ്വഹണരീതി
- വേതനം നൽകുന്നത് ബാങ്ക് / പോസ്റ്റ് ഓഫീസ് വഴി; ഓരോ തൊഴിലാളിയുടെയും അക്കൗണ്ടിലൂടെ
- പരാതി പരിഹാര സംവിധാനവും സാമൂഹ്യ ഓഡിറ്റും നിർബന്ധിതം
- തൊഴിൽ ഉപകരണങ്ങളും തൊഴിൽ സ്ഥലത്ത് അനുബന്ധ സൗകര്യങ്ങളും
- പ്രാഥമിക ശുശ്രൂഷക്കും ശിശു സംരക്ഷണത്തിനും സംവിധാനം
- പ്രവൃത്തികളുടെ സംഘാടനത്തിലും, മേൽനോട്ടത്തിലും കുടുംബശ്രീ എന്നിയ ഡെവലപ്മെന്റ് സൊസൈറ്റികൾക്ക് സുപ്രധാന പങ്ക്
- പദ്ധതി ആസൂത്രണത്തിനും നിർവ്വഹണത്തിനും പഞ്ചായത്ത്രാജ് സ്ഥാപനങ്ങൾക്ക് പൂർണ്ണ ഉത്തരവാദിത്തം.
- കേന്ദ്ര സംസ്ഥാന സർക്കാറുകൾ 90: 10 അനുപാതത്തിൽ പദ്ധതി ചെലവ്. വേതന സാധന അനുപാതം 60: 40.
- ഒരേസമയം ദാരിദ്ര്യ നിർമ്മാർജ്ജനവും സാമൂഹ്യ ആസ്തികളുടെ നിർമ്മാണവും
- മണ്ണ് - ജല - ജൈവസമ്പത്തിന്റെ സംരക്ഷണത്തിലൂടെ കാർഷിക പ്രതിസന്ധിയുടെ രൂക്ഷത കുറയ്ക്കുന്നു.

ഹരിത കർമ്മസേന പ്രവർത്തനങ്ങൾ

മക്കരപ്പറമ്പ് ഗ്രാമ പഞ്ചായത്തിനെ സമ്പൂർണ്ണ മാലിന്യ മുക്ത ഗ്രാമ പഞ്ചായത്താക്കുന്നതിന്റെ ഭാഗമായി ഹരിത കർമ്മ സേന അംഗങ്ങൾ റൊട്ടേഷൻ അടിസ്ഥാനത്തിൽ എല്ലാ വാർഡുകളിലേയും വീടുകളിലും കടകളിലും എത്തി തരം തിരിച്ച മാലിന്യങ്ങൾ ശേഖരിച്ച് പഞ്ചായത്തിന്റെ കീഴിലുള്ള എം.സി.എഫിൽ കൊണ്ടുപോവുകയും അവിടെ നിന്ന് വീണ്ടും തരം തിരിച്ച് ഗ്രീൻകേരള കമ്പനിക്ക് കൈമാറുന്നു. പ്രവർത്തനങ്ങളുടെ നിർവ്വഹണ ചുമതല വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ(വി.ഇ.ഒ)ക്കും ശുചിത്വ പദ്ധതികളുടെ നോഡൽ ഓഫീസർ അസിസ്റ്റന്റ് സെക്രട്ടറിയുമാണ്. ഈ സേവനത്തിനായി വീടുകളിൽ നിന്നും ചുരുങ്ങിയത് 50/- രൂപയും കടകളിൽ നിന്ന് ചുരുങ്ങിയത് 100/- രൂപയും മാലിന്യത്തിന്റെ അളവും തരവും അനുസരിച്ച് ഒരു തവണ മാലിന്യം ശേഖരിക്കുന്നതിന് ഫീസ് ഈടാക്കുന്നതാണ്. പൊതു സ്ഥലങ്ങളിലും മറ്റും മാലിന്യം നിക്ഷേപിക്കുന്നതും, ഏത് സ്ഥലത്തും പ്ലാസ്റ്റിക്ക് മുതലായവ കത്തിക്കുന്നതിനും 10000/- രൂപ വരെ പിഴ നിശ്ചയിക്കപ്പെട്ടിട്ടുള്ള കുറ്റങ്ങളുമാണ്.

ജനകീയ സുതാര്യ ഭരണസംവിധാനം

1. 2005 ലെ വിവരാവകാശ നിയമം

2005 ഒക്ടോബർ 12 ന് നിയമം നിലവിൽ വന്നു. പൊതുജനങ്ങൾക്കാവശ്യമായ ഔദ്യോഗിക രേഖകളും മറ്റും യഥാസമയം ലഭ്യമാക്കുന്നതിന് ഈ നിയമം ലക്ഷ്യമിടുന്നു. സർക്കാർ ഉടമസ്ഥതയിലോ നിയന്ത്രണത്തിലോ സാമ്പത്തിക സഹായത്തിലോ പ്രവർത്തിക്കുന്ന എല്ലാ ആഫീസുകളും ഈ നിയമത്തിന്റെ പരിധിയിൽ വരും.

ഏതെങ്കിലും ഒരു കാര്യത്തെകുറിച്ച് വിവരം ലഭിക്കേണ്ടവർ 10 രൂപ ഫീസ് സഹിതം പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് അപേക്ഷ നൽകണം (10 രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് അപേക്ഷയിൽ ഒട്ടിച്ചാൽ മതി). അപേക്ഷ ലഭിച്ച് 30 ദിവസത്തിനകം പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ആവശ്യപ്പെട്ട വിവരങ്ങൾ നൽകുന്നതാണ്. വിവരങ്ങൾ നൽകുന്നതിന് പേജ് ഒന്നിന് 2 രൂപ നിരക്കിൽ (എ4 വലിപ്പം) ഫീസ് നൽകണം. കൂടാതെ രേഖകൾ നേരിട്ട് പരിശോധിച്ച് വിവരം മനസ്സിലാക്കാൻ പരിശോധനയുടെ ദൈർഘ്യം കണക്കാക്കി – ആദ്യ ഒരു മണിക്കൂറിന് ഫീസില്ല – പിന്നീടുള്ള ഓരോ മണിക്കൂറിനും 10 രൂപ തിരച്ചിൽ ഫീസ് അടക്കേണ്ടതാണ്. ഇൻഫർമേഷൻ ഓഫീസർക്ക് അപേക്ഷ നൽകിയിട്ടും മറുപടി ലഭിക്കാതെ വന്നാലും മറുപടി തൃപ്തികരമല്ലാത്തെ വന്നാലും അതിനുമുകളിലുള്ള അപ്പീൽ അതോറിറ്റിക്ക് 30 ദിവസത്തിനുള്ള അപ്പീൽ നൽകാവുന്നതാണ്. മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്തിൽ പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസറായി ഹെഡ് ക്ലർക്കും, അസിസ്റ്റന്റ് ഇൻഫർമേഷൻ ഓഫീസറായി അക്കൗണ്ടന്റും പ്രവർത്തിക്കുന്നു.

2. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഓംബുഡ്സ്മാൻ (വ. 271)

കാര്യ നിർവ്വഹണ വിഭാഗത്തിലെ സ്വതന്ത്രവും നിഷ്പക്ഷവുമായ അർദ്ധ നീതിന്യായ പരാതി പരിശോധന പരിഹാര സംവിധാനമാണ് ഓംബുഡ്സ്മാൻ. തദ്ദേശ സ്ഥാപനത്തിന്റെ കീഴിലുള്ള ജീവനക്കാരും ഉദ്യോഗസ്ഥരും പഞ്ചായത്ത് പ്രസിഡന്റ് ഉൾപ്പെടെയുള്ള തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളും കൈമാറ്റം ചെയ്യപ്പെട്ട ഓഫീസിലെ ഉദ്യോഗസ്ഥരും ജീവനക്കാരും ഭരണ നിർവ്വഹണത്തിൽ അഴിമതിയോ ദുർഭരണമോ അപാകതകളോ കാണിച്ചു എന്ന ഏതൊരു പരാതിയേയും കുറിച്ച് അന്വേഷണം നടത്തി പരാതി തീർപ്പാക്കുന്നതിന് രൂപീകരിച്ചിട്ടുള്ള അധികാര സ്ഥാപനമാണ് ഓംബുഡ്സ്മാൻ. ഹൈക്കോടതി ജഡ്ജിയായി ഉദ്യോഗം വഹിക്കുന്നതോ വഹിച്ചിട്ടുള്ളതോ ആയ ഒരാളായിരിക്കും അധികാര സ്ഥാനത്ത് നിയമിക്കപ്പെടുന്നത്.

പരാതി നൽകുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. നിശ്ചിത ഫോറം എ യിൽ അപേക്ഷ നൽകുക
2. 10 രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിക്കണം
3 പരാതിയിൽ പറയുന്ന കാര്യങ്ങൾ ശരിയും ഡിക്ലറേഷനും ഉണ്ടായിരിക്കണം

3. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രൈബ്യൂണൽ

പഞ്ചായത്ത് രാജ് ആക്ടിലെ 272 (എസ്) വകുപ്പ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥപനങ്ങൾക്ക് വേണ്ടി ഒരു ട്രൈബ്യൂണൽ രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നു. ജില്ലാ ജഡ്ജിയുടെ പദവിയിലുള്ള ന്യായാധിപനായിരിക്കണം ട്രൈബ്യൂണൽ ട്രൈബ്യൂണൽ സമർപ്പിക്കുന്ന ഹരജി 1999 ലെ കേരള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ ചട്ടങ്ങൾക്ക് അനുബന്ധമായി ചേർത്തിട്ടുള്ള ഏതെങ്കിലും സന്ധതിയുമായി ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ അല്ലെങ്കിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അല്ലെങ്കിൽ സെക്രട്ടറിയുടെ നോട്ടീസിനോ ഉത്തരവിനോ നടപടിക്കോ എതിരെയുള്ള ഒരപ്പീലോ അല്ലെങ്കിൽ ഏതെങ്കിലും അപ്പീൽ മേൽ പഞ്ചായത്തോ, സ്റ്റാന്റിംഗ് കമ്മിറ്റിയോ എടുത്ത തീരുമാനത്തിന്മേലുള്ള ഒരു പിഴക്കോ ആയിരിക്കേണ്ടതാണ്. എന്നാൽ നികുതി സംബന്ധിച്ച കാര്യങ്ങളെ പറ്റിയുള്ള അപ്പീൽ ഗ്രാമപഞ്ചായത്തിലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ ഫയൽ ചെയ്യേണ്ടതാണ്. ഹരിജിക്കാരൻ 50 രൂപയുടെ ഫീസ് സഹിതം ഹരജികൾ നേരിട്ടോ രജിസ്റ്റർ ചെയ്ത തപാൽ മുഖേനയോ സമർപ്പിക്കേണ്ടതാണ്.

4. ഗ്രാമസഭകൾ

ഭരണസുതാര്യതയുടെ നിലവറയായും ഗ്രാമ വികസനത്തിൽ ജനപങ്കാളിത്തത്തിന്റെ കലവറയായും കരുതാവുന്ന ഗ്രാമസഭകളുടെ കാലിക പ്രസക്തിയും അതിന്റെ ഇടപെടലിലുള്ള വൈശിഷ്ട്യവും പരാമർശിക്കപ്പെടുമ്പോൾ ''പഞ്ചായത്ത്'' എന്ന സംജ്ഞയുടെ ഉല്പത്തിയും കൂടി അറിയേണ്ടതുണ്ട്.ഋഗ്വേദ കാലഘട്ടത്തിൽ രൂപം കൊണ്ട പഞ്ചായത്തുകൾക്ക് ഭാരതചരിത്രത്തോളംതന്നെ പഴക്കമുണ്ട്. ചരിത്രത്തിന്റെ കുത്തൊഴുക്കിൽ പിടിച്ചുനിന്ന പഞ്ചായത്തിന്റെ വേരുകൾ അടുത്തറിയുന്നതു അടുത്ത തലമുറയ്ക്ക് പകരുന്നതും നമ്മുടെ കടമായി കരുതണം. ദൈവം അഞ്ചുപേരിൽ കൂടി സംസാരിക്കുന്നു എന്നർത്ഥം വരുന്ന ''പാഞ്ചുപരമേശ്വ'' എന്ന സംസ്കൃത പദത്തിലെ ''പഞ്ച'' എന്ന പദത്തിൽ നിന്നു -ം ആവിർഭവിച്ചതാണ് ''പഞ്ചായത്ത്''. ജീവിതാവസ്ഥയിലെ സമസ്തഭാവങ്ങളും അവനവന് അനുഭവവേദ്യ-മാക്കുന്ന പഞ്ചേന്ദ്രിയങ്ങളിലെ നാക്ക്, മൂക്ക്, കർണ്ണം, കണ്ണ്, ത്വക്ക് എന്നീ ഇന്ദ്രിയങ്ങളെപ്പോലെ സാമൂഹ്യ വ്യവസ്ഥയിലെ സകലമാന കാര്യങ്ങളും അതർഹിക്കുന്ന രൂപത്തിൽ പരിഗണിക്കപ്പെടാൻ പാകത്തിൽ അ-ഞ്ചുപേരടങ്ങുന്ന ഒരു സമിതി പ്രവർത്തിച്ചു വന്നിരുന്നതിനെയാണ് അക്കാലത്ത് പഞ്ചായത്ത് എന്ന് വിളിച്ചത്. വേദകാലം മുതൽ ഗ്രാമപുരോഗതിയുടെ അച്ചുതണ്ടായിരുന്ന ഈ മഹാസ്ഥാപനം പിന്നിട്ട യുഗം പൂർ-ണ്ണതയുടേതായിരുന്നു. അംഗബലം അഞ്ചിൽ നിന്ന് പലതവണ വർദ്ധിച്ചപ്പോഴും, പ്രവർത്തനപരിപാടികളിലു-ം ഭരണകാര്യങ്ങളിലും മാറ്റങ്ങളേറെ വന്നപ്പോഴും പഞ്ചായത്ത് എന്ന പദപ്രയോഗത്തിന് മാറ്റമൊന്നും വന്നി-ല്ല. പാശ്ചാത്യനാടുകളിൽ രൂപപ്പെട്ട ജനാധിപത്യത്തിന്റെ ചായക്കൂട്ടിൽ ചാലിച്ചെടുത്ത തദ്ദേശസ്വയംഭരണ ക്രമം സാമ്രാജ്യത്വത്തിന്റെ ധ്വജവാഹകരെപ്പോലെ സങ്കുചിതമാവുകയും ഇടക്കാലത്ത് വൈദേശിക ഭരണത്തിന്റെ കരാളഹസ്തങ്ങളിൽ ഭരണസമിതികൾ ചിലപ്പോഴൊക്കെ വിറങ്ങലിച്ചു നിൽക്കുകയും ചെയ്ത കറുത്തകാലവും പഞ്ചായത്തുകൾക്ക് ഉണ്ടായിട്ടുണ്ട്. സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ പിറവിയെടുത്ത പഞ്ച-ായത്തുകളാകട്ടെ, ഭരണഘടനയുടെ ധാർമ്മിക അടിത്തറയിൽ പിടിച്ചുകയറുന്നതും സമീപകാല സംഭവങ്ങളാണ്. മുന്നോട്ടുള്ള ശക്തമായ കുതിപ്പിന് പഞ്ചായത്തുകൾ ഒരുങ്ങി നിൽക്കുമ്പോൾ ജനാധിപത്യ ഭരണ പ്രക്രിയയുടെ അടിസ്ഥാന ഘടകമെന്നോ, പ്രാദേശിക ഭരണകൂടമെന്നോ പേർചൊല്ലി വിളിക്കാവുന്ന പഞ്ചായത്ത് ഭരണ സംവിധാനത്തിന്റെ മാറിയ രീതിയും പെരുകിയ പ്രവർത്തന മേഖലയും ശ്രദ്ധേയമാണ്.

അരുണോദയം മുതൽ അസ്തമയം വരെ അദ്ധ്വാനിക്കുന്ന ജനസമൂഹത്തിന്റെ പ്രാഥമികസാമൂഹിക ആവശ്യങ്ങളും, ഐ.ടി. യുഗത്തിലെത്തിനിൽക്കുന്ന ആധുനിക മനുഷ്യന്റെ അലോസപ്പെടുത്തുന്ന അഭിനിവേശങ്ങളും, അതിനിടയിൽ ജീവിതത്തിന്റെ ദുഃഖതീരത്തിരുന്ന് തെല്ല് ആശ്വാസം കൊതിക്കുന്ന പാവങ്ങളുടെ പരിവേദനങ്ങളുമെല്ലാം, കൂടി കൂട്ടായി ആലോചിച്ച് തീരുമാനമെടുക്കുകയും പ്രശ്നപരിഹാരത്തിന് സംവിധാനമൊരുക്കുകയും ചെയ്യുന്ന താളക്രമത്തിലേയ്ക്ക് ഭരണ സംവിധാനത്തെ പറിച്ചുനടപ്പെട്ട ഒന്നായി ഗ്രാമസഭകളെ നിർവ്വചിക്കാം.

നമ്മുടെ ഭരണഘടനയുടെ 73-ാം ഭേദഗതിയുടെ സവിശേഷതകളിലൊന്ന് ഗ്രാമസഭയുടെ രൂപീകരണമാണ്. സംസ്ഥാന നിയമ സഭകൾ വ്യവസ്ഥ ചെയ്യുന്ന അധികാരങ്ങളും ചുമതലകളും പ്രവർത്തനങ്ങളും ഗ്രാമസഭകൾ കയ്യാളുമെന്ന് ഭരണഘടനയുടെ 243 (എ) വകുപ്പ് പ്രസ്താവിക്കുന്നു. 1994 ലെ കേരളാ പഞ്ചായത്ത്രാജ് നിയമം ഗ്രാമസഭകൾക്ക് വിപുലമായ അധികാരവും ചുമതലകളും നൽകിയിട്ടുണ്ട്.

ഭരണഘടന വിഭാവനം ചെയ്ത രീതിയിൽ അധികാര വികേന്ദ്രീകരണം ശക്തമായി നടപ്പിലാക്കിയ സംസ്ഥാനമാണ് നമ്മുടേത്. കേരളീയർക്ക് അന്യോന്നും പരിചിതമല്ലായിരുന്ന ഗ്രാമസഭകളെ അർത്ഥവത്തായ ജനാധിപത്യവേദികളാക്കി മാറ്റി പ്രാദേശിക വികസനത്തിൽ പരമാവധി പങ്കാളികളാക്കി മാറ്റിയ ചരിത്രവും നമുക്കുണ്ട്. എന്നിട്ടും ജനാധിപത്യ അധികാര വികേന്ദ്രീകരണത്തിന്റെ അടിസ്ഥാന ശിലയായ ഗ്രാമസഭകൾ ക്രമേണ ശുഷ്കമായികൊണ്ടിരിക്കുന്ന ഇന്നത്തെ അനുഭവം ഒട്ടും ആശാസ്യമല്ല. ഭരണത്തിൽ ജനപങ്കാളിത്തം ഉറപ്പു വരുത്തുന്നതിനും, ഭരണ കാര്യക്ഷമത, സുതാര്യത എന്നിവയ്ക്കും സർവോപരി ജനാധിപത്യ ശാക്തീകരണത്തിനും ഗ്രാമസഭകൾ ശക്തിപ്പെടുത്തേണ്ടത് അനിവാര്യമാണ്.

പ്രധാന സ്ഥാപനങ്ങളുടെ ടെലിഫോൺ നമ്പറുകൾ

1.	കലക്ട്രേറ്റ് മലപ്പുറം	(0483)2734922, 882
2.	ജില്ലാ കലക്ടർ	273 4355
3.	ജില്ലാ പഞ്ചായത്ത് ഓഫീസ് മലപ്പുറം	2734832
4	ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്	2734564
5.	ജില്ലാ പഞ്ചായത്ത് വൈസ്പ്രസിഡന്റ്	2734854
6	ജില്ലാ പോലീസ് ഓഫീസ്	2734384
7	ജില്ലാ പോലീസ് സൂപ്രണ്ട്	2734377
8	എ.ഡി.എം മലപ്പുറം	2734421
9	ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത് മലപ്പുറം	2734838
10	എ.ഡി.പി. മലപ്പുറം	2734984
11	ജില്ലാ പ്ലാനിംഗ് ഓഫീസ് മലപ്പുറം	2734832
12	ഡി.ആർ.ഡി.എ മലപ്പുറം	2734976
13	ജില്ലാ ടൗൺ പ്ലാനിംഗ് ഓഫീസ്	2734997
14	ജില്ലാ മെഡിക്കൽ ഓഫിസർ മലപ്പുറം	2766857
15	ജില്ലാ ഇൻഫർമേഷൻ ഓഫീസ്	2734387
16	ജില്ലാ വിദ്യാഭ്യാസ ഓഫീസ്	2734826
17	ജില്ലാ എംപ്ലോയ്മെന്റ് ഓഫീസ്	2734904
18	ജില്ലാ ട്രഷറി മലപ്പുറം	2734459
19	ജില്ലാ കോ – ഓർഡിനേറ്റർ കുടുംബശ്രീ	2733470
20	ജില്ലാ വ്യവസായ കേന്ദ്രം	2734812
21	ജില്ലാ അഗ്രികൾച്ചറൽ ഓഫീസ്	2734916
22	ജില്ലാ വെറ്ററിനറി ഓഫീസ്	2734917
23	ജില്ലാ ലേബർ ഓഫീസ്	2734912
24	ജില്ലാ സപ്ലൈ ഓഫീസ്	2734912
25	ജില്ലാ പട്ടികജാതി ക്ഷേമ ഓഫീസ്	2734901
26	ലോക്കൽഫണ്ട് ഓഡിറ്റ്, മലപ്പുറം	2734951
27	മങ്കട ബ്ലോക്ക് പഞ്ചായത്ത്	(04933)282034
28	പോലീസ് സ്റ്റേഷൻ മങ്കട	237100
29	എക്സൈസ് ഓഫീസ് പെരിന്തൽമണ്ണ	227653
30	താലൂക്ക് ഓഫീസ് പെരിന്തൽമണ്ണ	227230
31	താലൂക്ക് സപ്ലൈ ഓഫീസ് പെരിന്തൽമണ്ണ	227238
32	സബ്ട്രഷറി മക്കരപ്പറമ്പ്	282028
33	എസ്.ആർ.ഒ. മക്കരപ്പറമ്പ്	287377
34	എസ്.ബി.ഐ. മക്കരപ്പറമ്പ	286865
35	കെ.ജി.ബി. മക്കരപ്പറമ്പ	281992
36	ഫെഡറൽ ബാങ്ക് മക്കരപ്പറമ്പ	281225
37	അർബൻ കോ – ഓ. ബാങ്ക് പെരിന്തൽമണ്ണ, മക്കരപ്പറമ്പ് ബ്രാഞ്ച്	283371
38	മക്കരപ്പറമ്പ് സർവ്വീസ് സഹകരണ ബാങ്ക്	281977
39	കത്തോലിക് സിറിയൻ ബാങ്ക് മക്കരപ്പറമ്പ്	282042
40	പോസ്റ്റോഫീസ് മക്കരപ്പറമ്പ്	282030
41	അക്ഷയ സെന്റർ മക്കരപ്പറമ്പ്	281454
42	ബി.എസ്.എൽ ഓഫീസ് മക്കരപ്പറമ്പ്	285713

മറ്റു പരിഷ്കരണ പരിപാടികൾ

1. ഗ്രാമപഞ്ചായത്തിലും ഗ്രാമപഞ്ചായത്തിന്റെ അധികാര പരിധിയിൽ വരുന്ന സ്ഥാപനങ്ങളിലും ലഭിക്കുന്ന അപേക്ഷകൾ, പരാതി എന്നിവയ്ക്ക് രശീതി നൽകുന്നതായിരിക്കും

2. ആസൂത്രണ നടപടികളുമായി ബന്ധപ്പെട്ട എല്ലാ രേഖകളും പൊതുരേഖകളായിരിക്കും, ഏത് പൗരനും അവ പരിശോധിക്കുന്നതിനും പകർപ്പെടുക്കുന്നതിനും അവകാശം ഉണ്ടായിരിക്കും

3. പഞ്ചായത്ത് പ്രസിഡന്റ് നൽകുന്ന എല്ലാവിധ സർട്ടിഫിക്കറ്റുകളും പ്രസിഡണ്ട് ഓഫീസിലുള്ള ദിവസങ്ങളിൽ അപ്പോൾ തന്നെ നൽകുന്നതാണ്.

മക്കരപ്പറമ്പ് ഗ്രാമപഞ്ചായത്ത് ഓഫീസ്

മക്കരപ്പറമ്പ് പി.ഒ. പിൻ: 676507, ഫോൺ: 04933 – 282031

Email: mlpmmkpbagp@gmail.com